# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2704 07.12.2018 ലെ മറുപടിയ്ക്ക്

## <u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം</u>

| | <u>ചോദ്യം</u><br><br>ശ്രീ. എ.പി.അനിൽകുമാർ | | <u>മറുപടി</u><br><br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര എണ്ണത്തിൽ തീരുമാനമെടുത്തു; തീരുമാനമെടുത്തതിൽ എത്ര അപേക്ഷകളിൽ ധനസഹായം നല്കി എന്ന് വിശദമാക്കാമോ; | എ) | പട്ടികജാതി വിഭാഗത്തിൽ ലഭിച്ച 63592 അപേക്ഷകളിൽ 60041 എണ്ണത്തിൽ തീരുമാനമെടുത്തു. ഇതിൽ 59181 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചു<br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിനായി 35971 അപേക്ഷകൾ ലഭിച്ചതിൽ 35896 എണ്ണത്തിൽ തീരുമാനമെടുക്കുകയും ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ ആകെ എത്ര തുക അനുവദിച്ചു; | ബി) | പട്ടികജാതി വിഭാഗത്തിൽ ആകെ 102,19,62,156/- (നൂറ്റി രണ്ട് കോടി പത്തൊൻപത് ലക്ഷത്തി അറുപത്തി രണ്ടായിരത്തി നൂറ്റി അൻപത്തി ആറ് രൂപ) രൂപ അനുവദിച്ചു<br>പട്ടികവർഗ്ഗ വിഭാഗത്തിൽ ആകെ 11,72,21,842/- (പതിനൊന്ന് കോടി എഴുപത്തി രണ്ട് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്റി നാല്പത്തി രണ്ട് രൂപ) രൂപ അനുവദിച്ചു |

| | | | |
|---|---|---|---|
| സി) | മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര എണ്ണത്തിൽ തീരുമാനമെടുത്തു; ആകെ എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ? | സി) | മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽ ലഭിച്ച 58561 അപേക്ഷകളിൽ 58043 എണ്ണത്തിൽ തീരുമാനമെടുത്തു. ആകെ 101,54,69,712/- (നൂറ്റി ഒന്ന് കോടി അൻപത്തി നാല് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ) രൂപ അനുവദിച്ചു.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ ആകെ ലഭിച്ച 70026 അപേക്ഷകളിലും തീരുമാനമെടുത്തിട്ടുണ്ട്. ആകെ 15,23,40,594/- (പതിനഞ്ച് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി നാല്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാല് രൂപ) രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**